# ഗവ. വി.എച്ച്.എസ്.എസ് പിരപ്പൻകോട്




## നാടിന്റെ വെളിച്ചമായി .......

## മികവിന്റെ കേന്ദ്രമായി ........

# താളുകളിലൂടെ

1. വിദ്യാലയ ചിത്രം

2. എഡിറ്റർ ബോർഡ്

3. സന്ദേശം

4. എഡിറ്റർ

5. പിന്നിൽ പ്രവർത്തിച്ചവർ

6. ജീവിതത്തിന്റെ കണ്ണീർപൊയ്കകൾ

7. ചാണക്യൻ

8. ക്ളോഡ് ഇ ഷാനൻ

9. കമ്പ്യൂട്ടർ

10. സൈബർ വാർ

11. വേനൽ മഴ

12. കലയുടെ കലവറ

13. പ്രകൃതിതൻ നൊമ്പരം

14. സ്ഥാനം നേടിയവർ

15. വായ്മൊഴിച്ചന്തം

16. വിടരാതെ കൊഴിഞ്ഞ ചെമ്പനീർപ്പൂവ്

17. Man and superman

18. വൈറസ്

19. Sing little Birdie

20. വെളിച്ചത്തിനെന്തൊരു വെളിച്ചം

21. Rasmol

22. Let's Build the pillars of knowledge

23. Roy Tomlinson

24. Camera

25. Computer

26. George Bernard Shaw

27. മൺമറഞ്ഞ കിനാക്കൾ

28. ഇന്റർനെറ്റിന്റെ പിതാവ്

## 29. Bernard Shaw as critic

## 30. ഫൈറ്റി ക്വട്ടേഷൻസ്

## 31. സൈബർ നെറ്റിക്സ്

## 32. വേരുകൾ

# ആമുഖം

ഈ ലോകം മുഴുവൻ ഒരു വിരൽത്തുമ്പിലൂടെ മുഖാമുഖം കാണാൻ കഴിയുന്ന ഒരു തലമുറയിലേക്കുള്ള ആദ്യ കാൽവെപ്പ്................ google എന്ന മാന്ത്രികവലയത്തിലൂടെ നമുക്ക് സൃഷ്ടിക്കാൻ കഴിയുന്നത് ചിന്തകൾക്കുമപ്പുറം മറ്റൊരു മാന്ത്രികലോകത്തെയാണ്. ജീവിത വിജയത്തിലേക്കുള്ള ഓരോ ചവിട്ടുപടിയിലും നമ്മെ പിൻതുണക്കാൻ google എന്ന നിഴൽപാദ കൂടെയുണ്ടാകും. അതിലേക്കുള്ള അരങ്ങേറ്റം കുറിച്ച് കൊണ്ട് G. V. H. S. S. Pirappancode വിദ്യാർത്ഥികളുടെ തൂലികത്തുമ്പിൽ വിരിഞ്ഞ പുതിയൊരു സൃഷ്ടി The New Horizon.

# *എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ: വിഷ്ണുപ്രിയ .ജെ

സബ് എഡിറ്റർ : നീരദ എസ്.എസ്

*അംഗങ്ങൾ

*റുക്സാന.എ.ആർ

*ഫാത്തിമ .ടി

*ബദ്രിയ.എം.എഫ്

*അൽഫിയ .എം

*ആദിത്യ . ബി. എസ്

*ആദിത്യ അശോക്

*ആതിര . എ.ആർ

*വിപിൻ .വി .എസ്

*അഖിൽ .വി

# സന്ദേശം



ഗവ: വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്രൂളിലെ 'ലിറ്റിൽ കൈറ്റ്സ്" വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി കൈറ്റിന്റെ മേൽനോട്ടത്തിൽ സ്ക്രൂളുകൾക്ക് അനുവദിച്ച ലാപ്ടോപ്പ് ,പ്രൊജക്റ്റർ,ടി.വി,ഡിജിറ്റൽ ക്യാമറ മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവ യഥാവിധി ഉപയോഗിക്കാനും പ്രവർത്തിപ്പിക്കാനുമുള്ള ക്ലാസ്സുകൾ ലഭിച്ച 'ലിറ്റിൽ കൈറ്റ്സ് 'അംഗങ്ങൾക്ക് എന്റെ അഭിനന്ദനങ്ങൾ. നിങ്ങളുടെ മേൽനോട്ടത്തിൽ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ സ്ക്രൂളിലെ എല്ലാ കുട്ടികൾക്കും അദ്ധ്യാപകർക്കും ഒരു മുതൽ ക്രൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**Headmistress**

**Winsty C.M**

പ്രിയപ്പെട്ടവരെ ,

അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത് . ജീവിത നൈപുണ്യങ്ങൾ കൈവരിക്കുന്നതിനോടൊപ്പം തന്നെ ലോകത്തിന്റെ നെറുകയ്യിൽ എത്തിപ്പെടാൻ വേണ്ടി വിവര വിനിമയ സാങ്കേതിക വിദ്യ ഒഴിച്ചു കൂടാൻ കഴിയാത്ത ഒന്നായി മാറിയിരിക്കുകയാണ്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ, അസാധ്യമായി കരുതിയിരുന്ന പലതിനെയും സാധ്യമാക്കിയിരിക്കുന്നു. കുട്ടികളിലെ സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്നതിനും , അവ സാങ്കതിക വിദ്യയുടെ സഹായത്തോടെ മറ്റുള്ളവരിൽ എത്തിക്കുന്നതിനും കുട്ടികൾ ആത്മവിശ്വാസം വളർത്തുന്നതിനും വേണ്ടിയുള്ള ഒരു എളിയ പരിശ്രമത്തിന്റെ ഫലമാണ് ഈ ഇ-മാഗസിൻ . ഇതിന് ഒരു വേറിട്ട രൂപവും ഭാവവും നൽകാൻ 'ലിറ്റിൽ കൈറ്റസ്' അംഗങ്ങൾക്ക് കഴിഞ്ഞു.

-എഡിറ്റർ

# പിന്നിൽ പ്രവർത്തിച്ചവർ






# ജീവിതത്തിന്റെ കണ്ണീർപെയ്ത്തുകൾ

വിജനതയുടെ ചുറ്റിൽ ഇരുളിന്റെ മേഘങ്ങൾ തീർത്ത് ആകാശം വീണ്ടും നോവിന്റെ കണ്ണീർ തൂവി. പ്രകൃതിയുടെ കണ്ണീർക്കാലം കഴിഞ്ഞിട്ടും ഉരുകുന്ന വേദനയോടെ മീര തന്റെ കൈയിലെ ഡയറിയിലെ ഏടുകൾ മറിച്ചു.അവസാനമായി ആ ഡയറിയിൽ എഴുതിയിട്ടുള്ള വാചകം ഇങ്ങനെയാണ്;''ഈശ രൻ നൽകിയ തീവ്ര വേദന എന്റെ ജീവിതത്തിന്റെ ശോഭ ഇല്ലാതാക്കി. എന്നിട്ടും ഞാൻ ജിവിതത്തോട് അല്ല എന്റെ പ്രതിസന്ധിയോട് എന്റെ വേദനകളോട് പൊരുതി. എന്നാൽ പ്രളയം എന്നെ കണ്ണീരിന്റെ ചുഴിയിലാക്കി. എല്ലാം നഷ്ടപ്പെട്ട എന്റെ ജീവിതം എപ്പോൾ വേണമെങ്കിലും കെട്ടണയാം.ജീവിതത്തിന്റെ മറ്റൊരു മുഖം ഇപ്പോൾ ഞാൻ കാണുന്നു.”

മീരയുടെ കണ്ണിൽ അശ്രുവിന്റെ പ്രവാഹം തന്നെയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിൽ തന്നെ ഇടം നേടിയ 2018-ന്റെ തീരാകണ്ണീരായ് തീർന്ന പ്രളയം. അവളുടെ മനസ്സിൽ വേദനയുടെ കവിത തീർത്ത പ്രളയം. തന്റെ ജീവിതം അനേകം പേർക്ക് കൈത്താങ്ങായി തീർന്നിരുന്നു. എന്നാൽ അവൾക്ക് കൈത്താങ്ങാകാൻ ഇന്നാരും തന്നെയില്ല. ജീവിതത്തിന്റെ ഇരുണ്ട നിഴൽ മീരയുടെ ജീവിതത്തിലുമുണ്ടായി. ട്രെയിനിന്റെ ജാലകത്തിലൂടെ അവൾ പുറത്തേക്ക് നോക്കി. ഓർമ്മകൾഒരു കഥയായ് അവളിലൂടെ കടന്നുപോയി.

വേദിയിൽ ആരവം മുഴങ്ങുകയാണ്. മീര താൻ എഴുതിയ കവിത വേദിയിൽ അവതരിപ്പിക്കുകയാണ്.ഓരോ വ്യക്തിയുടെയും ഉള്ളിലും ഹൃദയത്തിലും പ്രതിഷേധം ജനിപ്പിക്കുന്നതാണ് അവളുടെ കവിത. രുക്ഷം കൊണ്ട് നിൽക്കുന്ന പ്രകൃതിയുടെ ഈ മാറ്റത്തിന് കാരണമായി തീർന്ന മനുഷ്യന്റെ ചെയ്തികൾ അവൾ തന്റെ


കവിതയിലുൾചേർത്തു. അവളുടെ പ്രതിഷേധം അവളുടെ കവിതകളിലുമുണ്ടായിരുന്നു. മനുഷ്യൻ പ്രകൃതിയ്ക്ക് നേരെ നടത്തുന്ന കടന്നുകയറ്റത്തിനെതിരെയും സ്ത്രീകൾ സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങൾക്കെതിരെയും അവൾ ശബ്ദമുയർത്തി. താൻ സ്ത്രീകൾക്ക് വേണ്ടി എഴുതിയ കവിതകളും എല്ലാം സമൂഹം എതിർത്തു. എന്നിട്ടും അവൾ പൊതുവേദികളിലും മറ്റും അവളുടെ കവിത അവതരിപ്പിച്ചു. സ്ത്രീകളുടെ സംരക്ഷണത്തിന് വേണ്ടി ഒരു സ്ഥാപനം രൂപീകരിച്ചു. തന്റെ ഒരോ പ്രവർത്തികളും എതിർത്തിരുന്ന സമൂഹം അവളുടെ ഈ പ്രവർത്തനങ്ങളെ അഭിനന്ദിച്ച ദിനമായിരുന്നു അത്. ആനന്ദത്തിന്റെ വേളയിൽ പ്രകൃതിയുടെ മതനം അവളുടെ മനസ്സിൽ കാർമേഘം സൃഷ്ടിച്ചു. കൊല്ലത്ത് ആയിരുന്നു അവൾക്ക് സ്വീകരണം എർപ്പെടുത്തിയിരുന്നത്. തന്റെ വീട്ടിലേക്ക് മടങ്ങുന്ന വേളയിൽ വേദനയുടെ പെരുമഴക്കാലമായിരുന്നു അവൾക്കായി കാത്ത് വച്ചിരുന്നതെന്നമീര അറിഞ്ഞില്ല. തിരിച്ച് തന്റെ വീട്ടിലെത്തിയപ്പോൾ അവൾ തന്റെ വീട് ശക്തമായ മഴയിലും പ്രകൃതിക്ഷോഭത്തിലും തകർന്നു കിടക്കുന്നതാണ് കണ്ടത്. എല്ലാത്തിനും താങ്ങും തണലുമായി നിന്ന വീട്ടുകാരുടെ വേർപാട് മനസ്സിൽ വേദനയുടെ മുറിവ് സൃഷ്ടിച്ചു.

ട്രെയിൻ സ്റ്റേഷനിലെത്തി. മീര പെട്ടെന്ന് കണ്ണ് തുറന്നു. ഡൽഹിയിലെത്തിയ വിവരം അവൾ മനസ്സിലാക്കി. തീരാത്ത വേദനയിലും അവൾ നടന്നു. സ്റ്റേഷനിലിറങ്ങി. കയ്യിൽ ബാഗുണ്ട്. ജീവിതത്തിന്റെ കയ്പേറിയ വേദനയിൽ അവൾ തളർന്നില്ല. അഴൽ ആഴി തീർത്ത നൊംപരപ്പൊയ്കയിൽ പ്രളയം സൃഷ്ടിച്ച ആയിരങ്ങളുടെ കണ്ണുനീർ തുടക്കണമെന്ന തീരുമാനം അവളുടെ മനസ്സിലുണ്ടായിരുന്നു. സ്വന്തം വേദനകളുടെ ജ്വാലയിൽ അവളുടെ മനസ്സ് കത്തി..... വിജനതയിലേക്ക് അവൾ നടക്കുകയാണ്.

*-ഫർഹാന എൻ.*

# ചാണക്യൻ

ലോകത്തെ ആദ്യത്തെ സാംപത്തികശാസ്ത്രഗ്രന്ഥമായി പരിഗണിക്കുന്നത് ചാണക്യന്റെ അർത്ഥശാസ്ത്രമാണ്. ബി.സി. നാലാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത്.മൗര്യവംശ സ്ഥാപകനായ ചന്ദ്രഗുപ്തമൗര്യന്റെ ഗുരുവും വിശ്വസ്തനായ സുഹൃത്തും അനുയായിയും ഉപദേഷ്ടാവുമായിരുന്ന ചാണക്യൻ. ചാണക്യൻ നൽകിയ വിലയേറിയ ഉപദേശങ്ങളെ അടിസ്ഥാനമാക്കി സൈനികതന്ത്രം ആവിഷ്കരിച്ചാണ് ചന്ദ്രഗുപ്ത മൗര്യൻ തന്റെ സാമ്രാജ്യം സ്ഥാപിച്ചത് എന്നാണ് ചരിത്രകാരന്മാർ പറയുന്നത്.



## *ചാണക്യതന്ത്രം

അവസാനത്തെ നന്ദരാജാവായിരുന്ന ധനനന്ദന്റെ ദേശദ്രോഹനടപടികൾക്കെതിരായിരുന്ന ചാണക്യനെ നന്ദരാജാവ് നാടുകടത്തി .താൻ നന്ദരാജവംശം ഉന്മൂലനം ചെയ്യുമെന്നും പുതിയ രാജാവിനെ പ്രതിഷ്ഠിക്കുമെന്നും ശപഥം ചെയ്താണ് ചാണക്യൻ

നാടുവിടുന്നത്.

ധനനന്ദരാജാവിന് ഒരു ശൂദ്രസ്ത്രീയായ മുരയിൽ ജനിച്ച ചന്ദ്രഗുപ്ത മൗര്യനെയും രാജാവ് തക്ഷശിലയിലേക്ക് നാടുകടത്തി. ഇടയരോടൊപ്പം ആടുമേയ്ച്ച് നടന്നിരുന്ന ചന്ദ്രഗുപ്തനെ തക്ഷശിലയിൽ വെച്ച് ചാണക്യൻ കണ്ടുമുട്ടി.ധനനന്ദനോട് പഗരം വീട്ടാൻ തക്കം പാർത്തിരുന്ന ചാണക്യൻ ചന്ദ്രഗുപ്തനെ അതിനുപയോഗപ്പെടുത്താമെന്ന് കണക്കുകൂട്ടി. വിജ്ഞാനകേന്ദ്രമായിരുന്ന തക്ഷശിലയിൽ സൈനികശാസ്ത്രവും മറ്റും പടിപ്പിച്ചു. തുടർന്ന് തന്റെ വിദഗ്ധമായ തന്ത്രങ്ങളിലൂടെ നന്ദരാജാക്കൻമാരെ ഉന്മൂലനം ചെയ്ത് ചാണക്യൻ ചന്ദ്രഗുപ്തനെ മഗധയിലെ രാജാവാക്കി. ചാണക്യൻ ചന്ദ്രഗുപ്തന്റെ പ്രധാനമന്ത്രിയുമായി എന്നാണ് ചരിത്രകഥ.പരസ്പരം കലഹിച്ചും വിദേശാധിനിവേശത്തിൽ തകർന്ന ചിന്നിച്ചിതറിക്കിടന്ന നാട്ടുരാജ്യങ്ങളെ കീഴടക്കി ഒരുമിപ്പിച്ച മൗര്യസാമ്രാജ്യത്തിന് അടിത്തറ പാകാൻ ചന്ദ്രഗുപ്തന് തുണയായത് ചാണക്യതന്ത്രങ്ങളാണ്.

-റുക്സാന .എ.ആർ

9C

## ക്ളോഡ് ഇ ഷാനൻ

ഒന്നുകളും പൂജ്യങ്ങളും ആക്കി മാറ്റിയാണ് കംപ്യൂട്ടറുകൾ ഏത് വിവരങ്ങളും കൈകാര്യം ചെയ്യുക.കംപ്യൂട്ടർ മാത്രമല്ല,ആധുനിക സാങ്കേതിക വിദ്യകളിലെല്ലാം ഇതു തന്നെയാണ് രീതി.ഏത് ഡാറ്റയെയും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റാം എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാ ശബ്ദമോ ചിത്രമോ വാക്കുകളോ എന്തും ബിറ്റുകളായി വയറുകളിൽ കൂടി പ്രവഹിക്കുന്ന അവസ്ഥ ഇതു കണ്ടെത്തിയത് കൊണ്ട്തന്നെ ക്ളോഡ് ഇ ഷാനൻ ആധുനിക ഡിജിറ്റൽ കമ്മ്യൂണിക്കേഷന്റെയും ഇൻഫർമേഷൻ തിയറിയുടേയും പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. 'ബിറ്റ്' എന്ന പദം ആദ്യമായി ഉപയോഗിച്ചതും ഇദ്ദേഹമാണ്.

ഇലക്ട്രിക്കൽ എൻജിനീയറിങ്ങിലും ഗണിതശാസ്ത്രത്തിലും ബിരുദധാരിയാണ് ഷാനൻ.ബിരുദപഠനത്തിനിടയിൽ വാനവർ ബുഷിന്റെ കണ്ടുപിടിത്തമായ ഡിഫറൻഷ്യൻ അനലൈസർ പരിചയപ്പെട്ട ഷാനന്റെ ശ്രദ്ധ അതിലുതയോഗിച്ചിരുന്ന ഇലക്ട്രോ-മെക്കാനിക്കൽ റിലേകളിലായിരുന്നു.



1940-ൽ ബെൽ ലബോറട്ടറിയിൽ വച്ച് ഷാനൻ രൂപപ്പെടുത്തിയ പുതിയ രീതി സ്വിച്ചിങ് സർക്ക്യൂച്ചകളെ

ലളിതവൽക്കരിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.ഇലക്ട്രോ-മെക്കാനിക്കൽ റിലേകൾ ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളിൽ ബൂളിയൻ ആൾജിബ്രയും ബൈനറി സംഖ്യകൾ കൊണ്ടുള്ള ഗണിതക്രിയാരീതിയും ഉപയോഗിച്ചാൽ സർക്യൂട്ടുകൾ ലഘൂകരിക്കാനാവുമെന്ന് ഈ പ്രബന്ധത്തിന്റെ പ്രസിദ്ധീകരണത്തോടെ ബോധ്യമായി.ബൂളിയൻ ആൾജിബ്രാ പ്രശ്നങ്ങൾ പരിഹരിക്കാൻ റിലേകൾ ഉപയോഗപ്പെടുത്താമെന്നും കണ്ടെത്തി.ഇലക്ട്രിക്കൽ സ്വിച്ചുകളുടെ ഈ സാധ്യതയാണ് പിന്നീട് എല്ലാ ഡിജിറ്റൽ ഉപകരണങ്ങളിലും മുൻകൈ നേടിയത്.ഡിജിറ്റൽ സർക്യൂട്ട് ഡിസൈനിങ്ങിൽ ഷാനന്റെ ഈ കണ്ടുപിടുത്തം പുതിയ മാനങ്ങൾ നൽകി.

മെക്കാനിക്കൽ മൗസ്,മോട്ടോർ ഉപയോഗിച്ചുള്ള പോഗോ സ്റ്റിക്ക് തുടങ്ങി പലതും ഷാനന്റെ കണ്ടുപിടുത്തങ്ങളുടെ കൂട്ടത്തിലുണ്ട്.കൂടാതെ ചെസ് കളിക്കാനായി കംപ്യൂട്ടർ പ്രോഗ്രാമുകളും ഷാനൻ രൂപപ്പെടുത്തിയിട്ടുണ്ട്.

2001 ഫെബ്രുവരി 24-ന് ഷാനൻ അന്തരിച്ചു.ദേശീയവും അന്തർദേശീയവുമായ ഒട്ടേറെ അവാർഡുകൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

-വിഷ്ണുപ്രിയ .ജെ

9c

# കംമ്പ്യൂട്ടർ

കംപ്യൂട്ട് എന്ന വാക്കിൽ നിന്നാണ് കംപ്യൂട്ടർ എന്ന വാക്കിന്റെ ഉത്പത്തി. സാധാരണയായി സംഖ്യകൾ ഉൾപ്പെടുന്നത് കണക്കുകൂട്ടലുകളെ സൂചിപ്പിക്കാനാണ് കംപ്യൂട്ട് എന്ന പദം ഉപയോഗിക്കുന്നത് . എന്നാൽ കംപ്യൂട്ടറുകളുടെ മേഖലയിൽ കംപ്യൂട്ടേഷൻ എന്ന പദം സംഖ്യകൾ ഉൾപ്പെടുന്നത് അല്ലാത്തതുമായ കണക്കുകൂട്ടലുകളെയാണ് സൂചിപ്പിക്കുന്നത് .കംപ്യൂട്ടർ സയൻസ്, കംപ്യൂട്ടിംഗ് സയൻസ്,കംപ്യൂട്ടിംഗ് തുടങ്ങിയ പദങ്ങൾ ഈ വിജ്ഞാനശാഖയെ പ്രതിനിധീകരിക്കാൻ വിവിധ രാജ്യങ്ങളിൽ ഉപയോഗിക്കുന്നു.

-അൽഫിയ.എം

9C



# സൈബർ വാർ

ആയുധങ്ങൾ കൊണ്ട് പരസ്പരം ഏറ്റുമുട്ടിയിരുന്ന കാലം കഴിഞ്ഞു. രാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും ഭീകരപ്രവർത്തനങ്ങളും കൂടുതൽ നടക്കുന്ന ഇപ്പോൾ ഇന്റർനെററിലൂടെയാണ്. ചെറിയചെലവിൽ വലിയപ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ പോന്നവയാണ് സൈബർ യുദ്ധങ്ങൾ. താരതമ്യേന ചെറിയ തുക മുടക്കിയാൽ തന്നെ വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതിനാലാണ് സൈബർയുദ്ധത്തിന് കോപ്പുകൂട്ടാൻ രാഷ്ട്രങ്ങൾ തമ്മിൽ മത്സരിച്ച് കൊണ്ടിരിക്കുന്നത്. രാജ്യസുരക്ഷ, വാർത്താവിനിമയം, തുടങ്ങിയ തന്ത്ര പ്രധ്ാനമേഖലകളിൽ നുഴഞ്ഞുകയറിനാശനഷ്ടങ്ങളുണ്ടാക്കുന്നതാണ് സൈബർയുദ്ധങ്ങളുടെ പൊതുരീതി.

-ഫാത്തിമ .ടി

9C

# വേനൽമഴ

മഴയായി ഞാൻ കണ്ട സ്വപ്നങ്ങളൊക്കെയും
വേനലിലിൽ വറ്റിവരണ്ടിരുന്നു
ചൂടാണ് വയ്യ, പുറത്തിറങ്ങാനെന്റെ
വീടിന്നകത്തും വിയർപ്പുഗന്ധം
കിണറും കുളവും കരയും മിഴികളും
കനിവിനായ് തേങ്ങിക്കരഞ്ഞിടുന്നു
എന്തേ ഇവിടിത്ര നാശമായ്ത്തീരുവാൻ
മീനവും മേടവും കൊന്നതാണോ
എവിടേ ഇവിടുള്ള പച്ചപ്പിതൊക്കെയും
മീനവും മേടവും തിന്നുതീർത്തോ
ഇല്ല എനിക്കിതു താങ്ങുവാനാകില്ല
ഇടനെഞ്ചു പൊട്ടിക്കരഞ്ഞു മേഘം
അലിയും മനസ്സിന്റെ മഴനാരിലായിരം
കണ്ണുനീർത്തുള്ളികൾ പെയ്തിറങ്ങി



ഫാത്തിമ.എം.എസ്
10A

# കലയുടെ കലവറ

## *പടയണി(ഐതിഹ്യം)

ശ്രീകൃഷ്ണന്റെ മരണശേഷം ഭൂമിയും സ്വർഗവും പാതാളവും ദാരികന്റെ നേതൃത്വത്തിൽ അസുരന്മാർ അടക്കിവാണു. ദാരികന്റെയും അനിയായികളുടെയും ഹിംസയും വർധിക്കുന്നു. കാളിയുടെ കലി അടങ്ങാൻ പലവിധ നേർച്ചകളും വഴിപാടുകളും നടത്തിയെങ്കിലും ഫലിച്ചില്ല. ഒടുവിൽ കാളിയുടെ രൂപം അഥവാ കോലം ഒരാൾ കളത്തിൽ വരച്ചു . അതുകണ്ട് കാളി പൊട്ടിച്ചിരിക്കുകയും കാളിയുടെ കോപം അടങ്ങുകയും ചെയ്തു. ഈ വിശ്വാസത്തിൽ ദേവീക്ഷേത്രങ്ങളിൽ നടത്തിവരുന്ന വഴിപാടായ അനുഷ്ഠാനമാണ്.

## *കളമെഴുത്ത്

ഒരു അനുഷ്ാന കലാരൂപമാണിത്. പ്രത്യേകം തയാറാക്കിയ തറയിലാണ് കളം വരയ്ക്കുന്നത്. വെള്ള, ചുവപ്പ്,മഞ്ഞ,പച്ച,കറുപ്പ് എന്നീ പഞ്ചവർണങ്ങളാണ് കളം വരയ്ക്കാൻ ഉപയോഗിക്കുന്നത്.ഭദ്രകാളീക്ഷേത്രങ്ങളിലും നാഗക്ഷേത്രങ്ങളിലുമാണ് കളമെഴുത്തും പാട്ടും നടത്തുക. കളങ്ങൾ വരച്ചശേഷം അതിനു മുന്നിലിരുന്നുകൊണ്ട് പാട്ടും പൂജയും നടത്തുന്നു. രാവിലെ ആരംഭക്കുന്ന കളമെയുത്തും പാട്ടും സന്ധ്യയോടെയാണ് അവസാനിക്കുന്നത്.

# *കുമ്മാട്ടി

ഉത്തരകേരളത്തിലെ ഒരു അനുഷ്ഠാന നൃത്തരൂപം.കുമ്മാട്ടിപ്പുല്ല് എന്ന ഒരിനം പുല്ല് കോർത്ത് ശരീരമാകെ കെട്ടിവെച്ച് മുഖം മൂടിയും ധരിച്ചുകൊണ്ടാണ് ഈ നൃത്തം ചെയ്യുന്നത്. തൃശ്ശൂർ,പാലക്കാട് എന്നീ ജില്ലകളിലാണ് കുമ്മാട്ടി നിലവിലുള്ളത് .

രാമായണം,മഹാഭാരതം എന്നീ ഇതിഹാസങ്ങളിലെ കഥാപാത്രങ്ങളെയാണ് കുമ്മാട്ടി വേഷക്കാർ അവതരിപ്പിക്കുന്നത്. കുമ്മാട്ടിയിലെ പ്രധാന കഥാപാത്രം 'തള്ള'വാണ്. ഓണവില്ലും ചെണ്ടയുമാണ് ഇതിന്റെ പശ്ചാതലവാദ്യങ്ങൾ.

അൽഫിയ.എം, റുക്സാന .എ .ആർ

9C





# പ്രകൃതിതൻ നൊമ്പരം

പ്രകൃതിതൻ നൊമ്പരം കേൾക്കു നീ മാനുഷാ........
പ്രകൃതിയാം അമ്മയെ കാക്കുവിൻ മാനുഷാ.........

അമ്മതൻ കാരുണ്യ നിഷ്കളനിർവൃതി
കാണുവിൻ കേൾക്കുവിൻ ഊഹിച്ചെടുക്കുവിൻ

ഭൂമിതൻ രമണീയ വിശ്വൈക രൂപം
കാലം കഴിയുമ്പോൾ മാറിമറിയുമോ

മണ്ണിൽ വിരിയുന്ന സസ്യമേ നിങ്ങളീ
ഭൂമിതൻ നിന്നുമേ പോമറഞ്ഞീടുമോ



യന്ത്രകരങ്ങൾ പിടിച്ചുലയ്ക്കുന്നൊരീ
ഭൂമിതൻ കണ്ണീരിൽ പ്രത്യാശയിനിയുണ്ടോ

അമ്മതൻ കാരുണ്യ സൂര്യംശുദീപ്തി
മാനവ മനസ്സിൽ തിരിച്ചെത്തുമോ........

ഉണരുവിൻ ഉണരുവിൻ വിശ്രാന്തികൊള്ളാൻ
പ്രത്യാശ സർവ്വത്തിലെത്തിടട്ടെ........

മനസ്സിന്റെ നൈരാശ്യമൊന്നുമാത്രം
ഭൂമിതൻ നൊമ്പരം തീർന്നീടുമോ?

കൈവിട്ടുപോയിന്നു സർവ്വരുമേ
കണ്ണീരേൽപ്പിച്ചാൽ കാര്യമുണ്ടോ

അമ്മതൻ സ്നേഹം മനസ്സിലാകാതെ

*-അനഘ ജെ എസ്*

# ബദരിയ എം എഫ്




**59-ാംമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഖുർആൻ പാരായണത്തിനും പദ്യം ചൊല്ലലിനും A ഗ്രേഡ് നേടിയ 9ാം ക്ലാസ്സ് വിദ്യാർത്ഥിനി.**

# *ദേവദർശൻ പി എസ്




**ബാംഗ്ലൂരിൽ വച്ച് നടന്ന പി ടി ഭാസ്കര പണിക്കർ സ്മാരക ദേശീയ പ്രതിഭാ സംഗമത്തിൽ വിവരശേഖരണ വിഭാഗത്തിൽ പ്രത്യേക ക്യാഷ് പ്രൈസും ഹൈസ്കൂൾ വിഭാഗം ഷോർട്ട് ഫിലിമിൽ മൂന്നാം സ്ഥാനവും 8ാം ക്ലാസ്സ് വിദ്യാർത്ഥിയായ ദേവദർശന് ലഭിച്ചു.**

# വായ്മൊഴിച്ചന്തം

കാവ്യസാഹിത്യത്തിന്റെ അടിവേരുകളാണ് നാടൻപാട്ടുകൾ നാടോടി സംസ്കൃതിയുടെ പ്രതിഭലനങ്ങളാണ് ഇവ. പരിഷ്കാരത്തിൽ നിന്ന് വളരെ അകന്നു നിൽക്കുന്ന ഗ്രാമീണ ജനതയുടെ ക്ലേശഭ്രയിഷ്ഠമായ ദൈനംദിന ജിവിതത്തിന് ഉണർവ് ചൊടിയും ചേർക്കാൻ വേണ്ടി അവരിൽ വാസനയുള്ള ചിലർ ഒന്നിച്ചു. ചേർന്ന് പാടിയും വായ്ത്താരിയിട്ടും,ഗാനരൂപം പ്രാപിച്ചവയാണ് നാടൻ പാട്ടുകൾ."ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഉണ്ടാക്കപ്പെട്ട ജനങ്ങളുടെ പാട്ടുകളെ"ന്ന് നാടൻപ്പാട്ടുകളെ വിശേഷിപ്പിക്കാം. ഇവ മനുഷ്യന്റെ സൗന്ദര്യബോധത്തിന്റെയും ആചാരാനുഷ്ട്ടാനങ്ങൾ ,ജീവിതസങ്കല്പങ്ങൾ കലാകൗതുകം ,സാമൂഹിക ബോധം , കായികാധ്വാനം, പ്രകൃതിസ്നേഹം എന്നിവയുടെയും ആവിഷ്ക്കാരമാണ് . കായികാധ്വാന പ്രധാനങ്ങളായ കൃഷിപ്പാട്ടുകളാണ് .

-റുക്സാന. എ. ആർ

# വിടരാതെ കൊഴിഞ്ഞ ചെമ്പനീർപൂവ്....

തീവണ്ടി ജാലകം മെല്ലെ തുറക്കുന്നു
കാഴ്ചതൻ നീളുന്ന മായാത്ത വിസ്മയം
തേടും കിനാവിന്റെ കോർത്തൊരാ ചിത്രങ്ങൾ

ഏകാന്തമായവൾ തീരാത്തൊരാ സ്വപ്ന
സാഫല്യ നാളുകൾതൻ യാത്രാവേളയിൽ
ഇതളാർന്ന മാനസത്താളുകളിൽ
ഈറനായി പെയ്തണിഞ്ഞീടുന്ന ദൃശ്യം
ഒറ്റകൈയ്യുമായി ഏകനായ് വന്നണഞ്ഞൊരാ മനുഷ്യൻ
ഏതോ സായാഹ്ന ദുഃഖ സംഗീതമായ്

സ്നേഹം തുളുമ്പുമാ മിഴികളിൽ
കാണുന്നവൾ നോവിന്റെ തീരാ കനൽ
വീണ്ടും തുടർന്നൊരാ യാത്രതൻ ചാരിൽ
ഒരു മന്ദഹാസമായ് തീരുന്നയാൾ
താഴ്വാരപ്പൂക്കൾതൻ തീരാത്ത ഗന്ധം
നിളുന്ന സാഗര സംഗീതമായ്

പെൺപൂവിൻ ആർദ്രമാം സ്വപ്നങ്ങളിൽ
ഏതോ ഇരുട്ടിന്റെ നിഴലുകളായ്
ഒറ്റകൈയ്യുമായി വന്നുചേരുന്നു
വിടരുന്നൊരാ കുഞ്ഞിളം പൂവിന്റെ
പനിനീർദളങ്ങൾ സാക്ഷിയായ് മാറി നടുന്നു

കാറ്റിനെ പൂക്കളെ വൃക്ഷങ്ങളെയാഴ്ത്തുന്നവാ-

ദൃശ്യം തീരാത്ത ദുഃഖത്തിൻ ആഴിയിൽ
ഒരു നറുപുഷ്പമായി വിടരാൻ തുടങ്ങിയ
വെൺപ്പൂവിൻ ജീവിതസ്വപ്നങ്ങളിൽ
ഒറ്റകൈയ്യുമായി എത്തിയയാൾ
തീർത്തൊരാ നൊമ്പരസാഗരം

വിടരാതെ കൊഴിഞ്ഞൊരാ പനിനീർപ്പൂവൊരു
നോവായി മാറുന്ന ജനഹൃദയങ്ങളിൽ
ഏകാന്തമായൊരാ ദീർഘനിശ്വാസത്തിൽ
തീരുന്നവൾ നെയ്ത സ്വപ്നങ്ങളൊകാകെയും
ആ നറു പൂവിന്റെ മൃത്യുവിൽ
ആയിരം മിഴികൾ നിറഞ്ഞിടുന്നു

കരയുന്ന കടലിന്റെ എരിയുന്ന ദീപമായ്
മാറുന്നൊരാ ചെമ്പനീർപ്പൂവിന്റെ
ആലോലമാർന്ന സ്വപ്നങ്ങളൊക്കെയും
തീരങ്ങൾ തേടുന്ന കിനാവുകളൊക്കെയും
ഒരു  നറുപൂവെന്നപോൽ കൊഴിഞ്ഞുവീണു.....

ആരതി ഷാജി
10D

# MAN AND SUPERMAN

**Man and superman is a four act drama written by George Barnad Shaw in 1903.the series was write a play based on the Don Juan theme. Man and superman Openedat the royal court theatre in London on 23 May 1905, but it omitted the third act.**

**Mr. White field has recently died, and his 'will' indicates that his daughter Ann should be left in the care of two men, Roebuck Ramsden and Jack tanner. Ramsden, a venerable oldman, distruts Jack tanner, an eloquent youth with revolutionary ideas, saying “he is prodigiously flunent of speecg, restless,excitable, posibility a little mad.**

**In spite of what Ramsden says, Ann accepts Tanner as her guardian, though Tanner doesn't want the position at all.she also challenges Tanner's revolutionary beliefs with her own ideas. Despite Tanner's professed dedication to anarchy, he is unable to disarm Ann's charm, and she ultimately persuaded him to marry her,choosing him over her more persistant suitor, a young man named Octavius Robinson.**

-Nandagopan

*9D*

# വൈറസ്

വൈറസ് ബാധമൂലം എന്തൊക്കെ അസുഖങ്ങളാ നമുക്ക് ഉണ്ടാകുന്നത് ! അതുപോലെ കംപ്യൂട്ടറുകൾക്കും ഉണ്ടാകുന്നു. വല്ലതും പിടിപെട്ടാൽ ആകെ കുഴങ്ങിയതു തന്നെ, അല്ലെ?




ജീവനില്ലാത്ത വൈറസും ഒരു കംപ്യൂട്ടറിന് ഇത്തരം ഉപദ്രവങ്ങളാണുണ്ടാക്കുന്നത്. ലോകത്തിലെ ആദ്യ കംപ്യൂട്ടർ വൈറസിന് വയസ്സ് 25 കഴിഞ്ഞു. ഒൻപതാം ക്ലാസുകാരനായ ഒരു പയ്യൻ കൂട്ടുകാരനെ കബളിപ്പിക്കാനായി ഉണ്ടാക്കിയ 'എൽക് ക്ളോണർ' എന്ന പ്രോഗ്രാമാണ് ആദ്യത്തെ വൈറസായി കണക്കാക്കുന്നത്.

റഹ്മത്ത്

9B

# SING, LITTLE BIRDIE

*Sing, little birdie, sing*
*On topmost branch high;*
*And when thou spreads thy airy wing,*
*Let not the sweet notes die.*

*But longer, louder be,*
*until the echoes ring.*
*That hide away where none many see,*
*but only hear them sing.*

*Methinks that I could stay*
*forever with three here,*
*And list thy strain the live long day,*
*forgetting sorrow's tear.*

*NANDANA SURESH*
*9E*

# വെളിച്ചത്തിനെന്തൊരു വെളിച്ചം

വിടരുന്ന പൂക്കളിൽ ഉണരുന്ന നന്മ-
തൻ വെളിച്ചമേ ഉണരൂ
അന്ധതമാറ്റുന്ന പൂക്കൾ തൻ വെളിച്ചം
ആന്തരികമായ സൂര്യന്റെ ശോഭ
വീശുന്ന കാറ്റിലും വിടരുന്ന പൂവിലും
സമമായി കാണുന്ന നന്മ തൻ വെളിച്ചം
കരയുന്ന കിടാവിന് പാൽ നൽകുന്ന
അമ്മതൻ നന്മതൻ വെളിച്ചം
ഒഴുകുന്ന പുഴയുടെ ഓളത്തിലും
ആടുന്ന മരത്തിന്റെ ചില്ലകളിലും
കാണുന്ന മാധ്യമവെളിച്ചമേ നിന്നെ
വാഴുന്ന നമ്മൾ വാഴുന്നു
പാടുന്ന പാട്ടിലും പാടുന്ന കിളിയിലും
ഉരുകുന്ന നന്മതൻ വെളിച്ചമേ
നമ്മെ നന്മതൻ വീഥിയിലേക്ക് ആണ്ടുകിടക്കട്ടെ
വിജയ പതാകതൻ വീശുന്ന വെളിച്ചമേ
വീശുക വീശുക നേർ വെളിച്ചം
നമ്മെ നേരായി വിടർത്തുന്ന നേർവെളിച്ചം
അകലും നിന്നെ കാണാൻ വയ്യാതെ
അകലരുതെയെന്ന് ആഗ്രഹമേ
അകലില്ലെന്ന് പറയുമ്പോഴും അകൽച്ച
അനുഭവപ്പെടുന്നുണ്ടെന്നാ തോന്നൽ
ദൈവത്തിൻ കാരുണ്യം ഉരുകുന്ന
വെളിച്ചമേ നിന്നെ അകലാതെ ഞാൻ സൂക്ഷിക്കാം

**രാജേശ്വരി അശോകൻ**
***10 C***

# RasMol

**Rasmol is a software developed by roger sail to observe the there dimensional structuer of molecules .The there-dimensional form of molecules will be shown in different colour in the graphic screen of rasmol software when we give the basic facts as file input . Usually extension files named protein bank or.pdb are given as input.**

-Sanjay.S.M ,naseeha-9B

*9A*

## *Let's build the Pillars of knowledge*

Wikipedia exhorts people to imagine a world in which every single person on the planet is given free access to the sum of all human knowledge'. Content /information is included in the wiki projects through a collaborative effort. Wikipedia operates on the basis of certain policies and guidelines. This tends clarity and helps to bring consensus when there are differences of opinion.

* Wikipedia should have a neutral point of view.

* Any can edit and modify the content in wikipedia.

* Even though wikipedia has certain codes of conduct they are not compulsory laws.

## Ray Tomlinson

Ray tomlinson was an American computer programmer who developed the program to send messages from one computer to another for ARPANET,which was a precursor of Internet. He was the one who selected the symbol @ to seperate the user name from the name of the service provider in the E-mail address. Even now **user@host** is considered as the standard for E-mail address.

-Adithya ashok

9E

# CAMERA

Johann Zahn designed the first camera in 1685. But the first photograph was clicked by Joseph Nicephore Niepce in the year 1814. An Iraqi scientist Ibn -al-Haytham had made a mention of this kind of a device in his book, Book of optics in 1021.

# COMPUTER


Charles Babbage ,an English mechanical engineer and polymath,originated the concept of a programmable computer . Considered the "father of the computer"he conceptualized and invented the first mechanical computer in the early 19th century .

The US -built ENIAC (Electronic Numerical Integrator

and computer) was the first electronic programmable computer

# GEORGE BERNARD SHAW

**George Bernard Shaw was born on July 26,1856 in Dublin, Ireland. In 1876,he moved to London, where he wrote regularly but struggled financially. In 1895, he became a theatre uitic for the Saturday review and began writing plays of his own. His play, pygmalion was later made into a film twice, and the screen play he wrote on the first version of it won on Oscar. During his lifetime, he wrote more than 60 plays and won many other Awards. He was Awarded the Nobel prize in literature in 1925. Works such as Major Barbara(1905), The Doctor's Dilemma (1906),Pygmalion (1912) Androcles and the lion (1912) and saint Joan (1923)all firmly established Shaw as a leading dramalist of his time. Shaw joined Fabian society in 1884. The fabian society was a socialist group whose goal was nothing shot of the transformation of England through a more vibrant political and intellectual base and Shaw became heavily involved, even editing a famous tract the group published (Fabian essays in socialism,1889). Shaw died in 1950 at age ninety four while working on a play.**



-Fathima.T

9c

# റിച്ചാൾഡ് സ്റ്റാൾമാൻ

സ്വാതന്ത്ര സോഫ്റ്റ്വെയർ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് റിച്ചാൾഡ് സ്റ്റാൾമാൻ.റിച്ചാൾഡ് സ്റ്റാൾമാൻ ലോകമെമ്പാടും അറിയപ്പെടുന്നത് സോഫ്റ്റ്വെയർസ്വാതന്ത്ര്യത്തിന്റെ തളരാത്ത പോരാളിയായിട്ടാണ്.റിച്ചാൾഡ് സ്റ്റാൾമാൻ എന്ന അദ്ദേഹത്തിന്റെ പേരും,രൂപവും ഇന്ന് കേരളത്തിൽ വളരെ അധികം പേർക്കും പരിചിതമായിട്ടുണ്ട്. **GNU** എന്നത് സ്വതന്ത്ര സോഫ്റ്റ്വെയർ സൃഷ്ടിക്കാനായി സ്റ്റോൾമാൻ തുടങ്ങിയ പ്രോജക്റ്റിന്റെ പേരാണ്. **1983-** ലാണ് ഉപയോഗിക്കാനും പകർത്തിക്കൊടുക്കാനും മാറ്റംവരുത്തുവാനും സ്വാതന്ത്ര്യമുള്ള ഒരു സ്വാഫ്റ്റ്വെയർ നിർമിക്കാൻ റിച്ചാർഡ് തീരുമാനിച്ചത്.സ്വതന്ത്ര സ്വാഫ്റ്റ്വെയർ പ്രചരിപ്പിക്കാൻ **1985 -**ൽ അദ്ദേഹം **free software foundation** തുടങ്ങി.ഇന്ന് ലോകത്തിൽ ഇന്ത്യയിൽ ഉൾപ്പെടെയുള്ള **4 free software foundation** -കളുണ്ട്.

സമാധാനത്തിനും,സ്വാതന്ത്ര്യത്തിനും മനുഷ്യാവകശത്തത്തിനും വേണ്ടിയുള്ള റിച്ചാൾഡിന്റെ പോരാട്ടങ്ങൾക്കുള്ള ഏറ്റവും നല്ല തെളിവ്,അദ്ദേഹത്തിന്റെ **website** തന്നെയാണ്.

-ഫാത്തിമ.റ്റി

**9c**

# മൺമറഞ്ഞ കിനാക്കൾ......

ഇലമേലുറുമ്പരിച്ച ഇലകളുടെ
ഇലനിറമെങ്ങുപോയി...
ഇനിയെനിക്കിവിടിരിക്കാൻ
ഇലകളുടെ ഇലനിറമെങ്ങുപോയി
പൂക്കമാ മാമ്പൂവ് പിന്നെയും
പിന്നെയും ചൊല്ലീ മരത്തിന്റെ നൊമ്പരങ്ങൾ
പാടുന്ന പക്ഷിതൻ ചിറകടികൾ നിന്നു
പാറിപ്പറക്കും ഇളങ്കാറ്റു നിന്നു
നിന്നൂ പുഴയുടെ ഓളവും നിന്നൂ
നിന്നൂ മനസ്സിന്റെ താളവും നിന്നൂ

നന്ദകിഷോർ
9E'

# ഇന്റർനെറ്റിന്റെ പിതാവ്

ഇന്റർനെറ്റിന്റെ പ്രചാരം വ്യാപകമാക്കിയ ടി സി പി/ഐ പി(Transmission control protocol/Internet protocol) ആവിഷ്കരിക്കുന്നതിന് നേതൃത്വം നൽകിയ വ്യക്തിയാണ് വിന്റൺ സെർഫ്. 1974-ൽ ബോബ് കാനുമൊത്ത് ടി സി പി/ഐ പി കണ്ടെത്തിയതോടെയാണ് ഇന്റർനെറ്റിന്റെ ചരിത്രം തന്നെ മാറിമറിയുന്നത്. ഇന്റർനെറ്റിന്റെ സാങ്കേതിക സംവിധാനങ്ങളും ശൃംഖലയുടെ നിർവഹണരീതിയും കെട്ടിപ്പടുക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച വിന്റൺ സെർഫ് 'ഇന്റർനെറ്റിന്റെ പിതാവ്' എന്നറിയപ്പെടുന്നത്.

അർപാനെറ്റുമായി (Advanced research project agency network) ബന്ധപ്പെട്ട നിരവധി പ്രോട്ടോകോളുകൾ സെർഫ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇന്റർനെറ്റുമായി ഡാറ്റാ പാക്കറ്റ് ടെക്നോളജിയിലും സെക്യൂരിറ്റി ടെക്നോളജിയിലും അദ്ദേഹം വലിയ സംഭാവന നൽകി. ഇന്റർനെറ്റ് സാധാരണക്കാരിലേക്ക് വ്യാപിക്കാനും ഇതുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ കൈകാര്യം ചെയ്യുന്നവരെ ഒരു കുടക്കീഴിലാക്കാനും ഉദ്ദേശിച്ച് രൂപം കൊണ്ട ഇന്റർനെറ്റ് സൊസൈറ്റി , ഇന്റർനെറ്റ് എൻജിനീയറിംഗ് ടാസ്ക് ഫോഴ്സ് എന്നിവയ്ക്ക് തുടക്കം കുറിച്ചതും സെർഫ് തന്നെ.

വിൻറൺ സെർഫും, ബോബ് കാനും ചേർന്നെഴുതിയ 'എ പ്രോട്ടോക്കോൾ ഫോർ നെറ്റ് വർക്ക് ഇന്റർ കമ്മ്യൂണിക്കേഷൻ' എന്ന പ്രബന്ധം ഇന്നും ഏറെ പ്രസക്തമാണ്.

ഇന്റർനെറ്റ് ചരിത്രത്തിലെ മറ്റൊരു സുപ്രധാന വ്യക്തിയാണ് അർപാനെറ്റ് പ്രൊജക്റ്റിന്റെ മാനേജറും പ്രിൻസിപ്പൽ ആർക്കിടെക്ടുമായിരുന്ന ലാറി റോബട്സ്. ഇന്റർനെറ്റിലെ ഏറ്റവും പ്രശസ്ത ആപ്ലിക്കേഷനുകളിൽ ഒന്നായ ഇലക്ട്രോണിക് മെയിൽ എന്ന ഇ-മെയിൽ വരുന്നതിനു മുൻപു തന്നെ അർപാനെറ്റിൽ മറ്റൊരു പ്രോഗ്രാം ഇദ്ദേഹം സന്ദേശങ്ങൾ കൈമാറ്റം ചെയ്യാൻ ഉപയോഗിച്ചിരുന്നു. ഇതിന്റെ നല്ല വശങ്ങൾ സ്വീകരിച്ചാണ് റേ ടോംലിൻസൺ എന്ന ഗവേഷകൻ ഇന്നു നാം ഉപയോഗിക്കുന്ന ഇ-മെയിലിന് രൂപം കൊടുത്തത്.

ഫാത്തിമ

# സൈബർ നെറ്റിക്സ്

ജീവജാലങ്ങളിലെയോ കംപ്യൂട്ടർ പോലുള്ള ഇലക്ട്രോണിക്സ് വ്യൂഹങ്ങളിലെയോ സ്വയമേയുള്ള ആശയ സംവാദത്തെയും നിയന്ത്രണത്തെയും കുറിച്ചുള്ള ശാസ്ത്രശാഖയാണ് സൈബർ നെറ്റിക്സ്. ആശയ കൈമാറ്റത്തിന്റെയും നിയന്ത്രണത്തിന്റേയും തലവൻ എന്നർഥം വരുന്ന kybernetes എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് സൈബർ നെറ്റിക്സ് എന്ന പദമുണ്ടായത്. സൈബർ നെറ്റിക്സിന്റെ പിതാവായി അറിയപ്പെടുന്നത് റോബർട്ട് വീനർ എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണ്.

-ഫാത്തിമ.റ്റി

# BERNARD SHAW AS CRITIC

**It appears a point of some mystery to the present writer that Bernard Shaw should have been so long unrecognised and almost in beggary. I should have thought his talent was of the ringing and arresting sort; such as even editors and publishers would have sense enough seize. Yet it is quite certain that he almost starved in London for many years, writing occasional columns for an advertisement or words for a picture. And it is equally certain (it is proved by twenty anecdotes, but no one who knows Shaw needs any anecdotes to prove it)that in those days of desperation he again and again threw up chances and flung back good bargains which did not suit unique and erratic sense of honour. The fame of having first offered Shaw to the public up on a plat form worthy of him belongs, like many other public services, to Mr. William archer. The prompt and pungent style he learnt in the open , upon political tubs and platforms; ant he is very legitimately proud of it. He boasts of being a demagogue; "the cart and the trumpet for me," he says, with admirable good sense. Everyone will remember the effective appearance of Cyrano de Bergerac in the first act of that name; when instead of leaping in by any hackneyed door, window, he suddenly springs upon a chair above the crowedBERNARD SHAW AS CRITIC that has so far kept him in visible; "less bras Croises, Le feutre en bataille, la moustache herrissee, le nez terrible."I will not go so far as to say that when Bernard Shaw sprang upon a chair or to tub in Trafalgar square he had the hat in battle or even that he had the nose terrible. But just as we see Cyrano best when he thus leaps above the crowd, I think we may take this moment of Shaw stepping on his little platform to see him clearly as he then was, and even as he was largely not ceased to be. I, at least, have only known him in his middle age; yet I think can see him, younger yet only a little more alert, with hair more red but with face yet paler, as he first stood up upon some cart or barrow in the tossing blare of the gas.**

ഹൈറ്റി ക്വട്ടേഷൻസ്

*  “കംപ്യൂട്ടറിനെ അല്ല, അവയില്ലാത്ത അവസ്ഥയെയാണ് എനിക്ക് പേടി.”

-Isaac Asimov

*  "ആയിരം സൈറ്റുകളിലേക്കുള്ള യാത്ര ഒരൊറ്റ ക്ലിക്കിൽ ആരംഭിക്കുന്നു."

-Author unknown

* “ഒരുപാട് മനുഷ്യർ ഒരുപാട് മാസം കൊണ്ട് വരുത്തുന്ന വലിയൊരു അബദ്ധം കംപ്യൂട്ടറിനു പറ്റാൻ ഏതാനും മിനുറ്റുകൾ മാത്രം മതി.”

-Author unknown

*''കംപ്യൂട്ടർ രംഗത്തുണ്ടായ വികാസം വാഹന മേഖലയിലും ഉണ്ടായിരുന്നെങ്കിൽ ഒരു റോൾസ് റോയ്സ് കാറിന്റെ ഇന്നത്തെ വില വെറും 100 ഡോളറും മൈലേജ് ലിറ്ററിന് നാലു ലക്ഷം കിലോമീറ്ററുമായിരിക്കും. തീർന്നില്ല, വർഷത്തിലൊരിക്കൽ അവ പൊട്ടിത്തെറിക്കുകയും ഉള്ളിലുള്ളവർ മുഴുവൻ മരിക്കുകയും ചെയ്യും.

-Robert x Cringely

# വേരുകൾ

-ആസ്വാദനം

പ്രശസ്ത സാഹിത്യകാരൻ ശ്രീ മലയാറ്റൂർ രാമകൃഷ്ണന്റെ വളരെ മനോഹരമായ ഒരു നോവലാണ് വേരുകൾ. ഗ്രാമത്തിന്റെ വെളിച്ചം വായനക്കാരിലേക്ക് പകർന്ന് നൽകുന്ന ഒന്നാണിത്. ഗ്രാമവും നഗരവും ഒരേ നാണയത്തിന്റെഇരു വശഹ്ഹളായി ചേർത്ത് വെച്ച് ഗ്രാമത്തിന്റെ മഹത്ത്വവും ജനിച്ച വളർന്ന മണ്ണിന്റെ മണവും പ്രതിഫലിപ്പിക്കുന്ന ഒന്നാണിത്. ശരിക്കും സാമൂഹ്യ പ്രസക്തി യാർജിക്കുന്ന കഥയാണ് വേരുകൾ. രഘു എന്ന ചെറുപ്പക്കാരനെ കേന്ദ്രകഥാപാത്രമാക്കി അയാളിലൂടെ ഇന്നത്തെ സമൂഹത്തിനെ വരച്ച് കാട്ടുകയാണ് എഴുത്തുകാരൻ.വായനക്കാരുടെ മനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങി മറ്റൊരു വെളിച്ചവും പ്രത്യാശയും പകർന്നു നൽകുന്ന ജീവിതമാണ് രഘു കാഴ് ച്ച വെക്കുന്നത്. 1966-ലാണ് മലയാറ്റൂർ വേരുകൾ രചിക്കുന്നത്.

ദൈന്യത മുറ്റിനിൽക്കുന്ന ജീവിതസാഹചര്യത്തിൽ വളർന്ന ഐ എ എസ് നേടി സൗഭാഗ്യങ്ങളിൽ എത്തിച്ചേർന്ന രഘു സമ്പന്നന്റെ മകളായ ഗീതയെ വിവാഹം കഴിച്ചതോടെ തന്റെ കീഴടങ്ങലിന് തുടക്കം കുറിച്ചു എന്ന സത്യം വേദനയോടെ മനസ്സിലാക്കുന്നു. നഗരത്തിലെ അന്തസ്സ് നിറഞ്ഞ ജീവിതത്തെ പിൻതള്ളി, ഗീതയുടെ താൽപര്യങ്ങളെ എതിർത്ത് പിതാവിന്റെയും പിതാമഹന്മാരുടെയും ഓർമ്മകൾ പേറിനിൽക്കുന്ന ഗ്രമത്തിലേക്ക്, അതിന്റെ വിശുദ്ധിയിലേക്ക് ഏകനായ് മടങ്ങാൻ തീരുമാനിക്കുന്നു. അത് വെറുമൊരുയാത്രയായിരുന്നില്ല. സ്വാതന്ത്ര്യത്തിലേക്കുള്ളതായിരുന്നു ആ യാത്ര. പാരമ്പ രൃങ്ങളിലേക്കും സ്നേഹത്തിലേക്കും മൂല്ല്യങ്ങളിലേക്കുമുള്ള മടക്കയാത്ര. മലയാറ്റൂരിന്റെ ആത്മകഥാസ്പർശിയായ നോവലാണിത്.

മരങ്ങളുടേതെന്നപോലെ മനുഷ്യന്റെയും വേരുകൾ മണ്ണിലാണെന്ന തിരിച്ചറിവാണ് മലയാറ്റൂർ വേരുകൾ എന്ന നോവലിലൂടെ വായനക്കാരുടെ മുന്നിലെത്തിക്കുന്നത്.ഒരു മരത്തിന്റെ അടിസ്ഥാനം വേരുകളാണ്. എത്ര ഉയരങ്ങളിലേക്ക് വളർന്നാലും മരങ്ങളെ പിടിച്ച് നിർത്തുന്നത് വേരുകളാണ്. വേരുകളില്ലെങ്കിൽ മരങ്ങളില്ല. അതുപോലെയാണ് മനുഷ്യന്റെ കാര്യവും. ജീവിതത്തിൽ ഉയരങ്ങളുടെ ചില്ലകളിൽ ചേക്കേറിയാലും നമ്മൾ ജനിച്ച് വളർന്ന മണ്ണും ഗ്രാമവും മറന്നാൽ ജീവിതത്തിൽ പരാജയം ഉണ്ടാകും. ഗൃഹാതുരത്വ ചിന്തകളും രചനകളും ചിത്രങ്ങളുമെല്ലാം എന്നും സ്ഥാനം പിടിക്കുന്ന ഇന്നത്തെ കാലത്ത് ഗൃഹാതുരത്വം കൊണ്ടും അവതരണ ഭംഗികൊണ്ടും 'വേരുകൾ' വളരെയേറെ ശ്രദ്ധയാകർശിക്കുന്നു.തിരക്കുപിടിച്ച ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ജീവിതംപകർത്തുകയാണ് ഈ നോവൽ. ഏതൊരു മനുഷ്യന്റെയും സ്വപ്നങ്ങൾ പോലെതന്നെ സ്വന്തമായ് ഒരു വീടു വയ്ക്കണം എന്ന ആഗ്രഹം സാഹചര്യവശാൽ ആ ആഗ്രഹങ്ങൾക്ക് കടിഞ്ഞാണിടാൻ പറ്റാതെ വരികയും ലോൺ എടുക്കാനും വസ്തുക്കൾ വിൽക്കാനും മുതിരുന്ന രഘു. തന്റെ പൂർവ്വിക സ്വത്തുക്കൾ വിൽക്കുന്നതിനും ഏറെ നാളുകൾക്കു ശേഷം ജനിച്ചു വളർന്ന നാട്ടിലേക്ക് എത്തിച്ചേരുന്നതായാണ് കഥ മുന്നേറുന്നത്. അവസാനം തന്റെ വേരുകൾ ആ പറമ്പിലാണ്,ആ പഴയ മണ്ണിലാണെന്ന തിരിച്ചറിവ് രഘുവിനെ ഗ്രാമത്തിൽ ജീവിക്കാനുള്ള പ്രേരണ നൽകുകയും അവിടത്തെ ഉന്നതിക്കായി പോരാടാനുള്ള കരുത്തേകുകയും ചെയ്യുന്നു.

-ഫാത്തിമ.റ്റി

9c

# ഹൈ-ടെക് ക്രിമിനൽസ്

ഏത് കണ്ടുപിടിത്തങ്ങൾക്കും ഗുണവും ദോഷവുമുണ്ട്. കംപ്യൂട്ടറുകളുടേയും,ഇന്റർനെറ്റിന്റേയും കാര്യത്തിലും ഇത് ശരിയാണ്.

സ്വന്തം കംപ്യൂട്ടർ വഴി ശൃംഖലകളിൽ നുഴഞ്ഞുകയറി അതിന്റെ പ്രവർത്തനം നിരീക്ഷിക്കുകയും പാളിച്ചകൾ പരിഹരിക്കുകയും ചെയ്യുന്നവരാണ് ഹാക്കർ എന്ന പേരിൽ അറിയപ്പെടുന്നവർ. ചിലരിത് ദുരുപയോഗം ചെയത് സ്വാർത്ഥ ലാഭത്തിനായി വിവരങ്ങ ശേഖരിക്കും

മറ്റുള്ളവരുടെ കംപ്യൂട്ടറുകളിലേക്ക് വൈറസുൾപ്പടെയുള്ള വിനാശകരമായ പ്രോഗ്രാമുകൾ കയറ്റി നാശനഷ്ടങ്ങൾ വരുത്തുന്നവരാണ് ക്രാക്കർ എന്നറിയപ്പെടുന്നത്.

ഒരു നെറ്റ് വർക്കിൽ നുഴഞ്ഞു കയറുന്നതിനെയാണ് ഫ്രീക്കിങ് എന്ന് വിളിക്കുന്നത്. വ്യക്തികളുടെ സ്വകാര്യവിവരങ്ങൾ വ്യാജസൈറ്റുകൾ നിർമിച്ച് കരസ്ഥമാക്കുന്നതാണ് ഫിഷിംഗ്.

സാങ്കേതിക വൈദഗ്ധ്യമുള്ളവരാണ് ഇത്തരത്തിൽ തട്ടിപ്പിനിറങ്ങുക.ദിനം പ്രതി തട്ടിപ്പിന് പുത്തൻ രീതികളും അവർ ആവിഷ്കരിക്കുന്നു.

-വിഷ്ണുപ്രിയ .ജെ